ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.08.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) വയനാട്ടിൽ ദുരന്തം വിതച്ച ഉരുൾപൊട്ടലിൽ രക്ഷാപ്രവർത്തനങ്ങൾ മൂന്നാം ദിനവും തുടരുന്നു. ദുരന്തസാഹചര്യം വിലയിരുത്തുന്നതിനായി മുഖ്യമന്ത്രി വയനാട്ടിലെത്തി. സർവകകക്ഷിയോഗം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു.

   **Rescue and relief operations are ongoing in Wayanad landslide area. Kerala Chief Minister Pinarayi Vijayan reached Wayanad to review the situation. All party meeting in progress at Wayanad Collectorate.**

2) ദുരന്തമേഖലയിൽ സൈന്യത്തിന്റെ നേതൃത്വത്തിൽ ബെയ്‌ലി പാലത്തിൻറെ നിർമാണം അവസാനഘട്ടത്തിൽ. തിരച്ചിലിനായി കൂടുതൽ യന്ത്രങ്ങൾ മേഖലയിലെത്തിച്ചു.

   **Construction of temporary Bailey bridge in last phase. JCB's and other equipments brought to the area.**

3) സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

**IMD predicts heavy rainfall in Kerala. Yellow alert issued in 9 distructs.**

4) ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും കനത്ത മഴ തുടരുന്നു. ഹിമാചൽ പ്രദേശിൽ മേഘവിസ്ഫോടനം. ഡൽഹിയിലും ഉത്തരാഖണ്ഡിലും ജനജീവിതത്തെ മഴ ദുരിതത്തിലാക്കി.

**Heavy rain continues in North-Indian states. In Himachal Pradesh, there have been reports of significant damage due to heavy monsoon rains and cloudbursts at three locations last night. Incessent rain affects daily life in Delhi and Utharakhand**

5) ഒളിമ്പിക്സ് ഷൂട്ടിങ്ങ് 50 മീറ്റർ റൈഫിൾസ് ഫൈനലിൽ ഇന്ത്യയുടെ സ്വപ്നിൽ കുസാലേ അൽപസമയത്തിനകം മത്സരത്തിനിറങ്ങും.

**India's Swapnil Kusale fighting for medal in 50m rifle 3 position shooting in Paris Olympics.**

****************************************

## WAYNAD LANDSLIDE CM

കേരളം കണ്ട ഏറ്റവും വലിയ പ്രകൃതിദുരന്തമായ വയനാട് ഉരുൾപൊട്ടലിൽ രക്ഷാപ്രവർത്തനം മൂന്നാം ദിനവും തുടരുന്നു. ഉരുൾപൊട്ടലിൽ ജീവൻ നഷ്ടമായവരുടെ എണ്ണം 260 പിന്നിട്ടു. 200-ഓളം പേരെ ഇനിയും കണ്ടെത്താനുണ്ട്. ഇതിനകം 1,600 ലേറെ ആളുകളെ ദുരന്തഭൂമിയിൽ നിന്നും രക്ഷിക്കാനായി. മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ദുരന്തസാഹചര്യം വിലയിരുത്തുന്നതിനായി വയനാട്ടിലെത്തി. വയനാട് കളക്ടറേറ്റിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവകക്ഷിയോഗം പുരോഗമിക്കുകയാണ്. വയനാട്ടിൽ ക്യാമ്പ് ചെയ്യുന്ന മന്ത്രിമാരും, ജില്ലയിലെ എംഎൽഎമാരും, ജില്ലാ പഞ്ചായത്ത്

പ്രസിഡൻറ്, രാഷ്ട്രീയ പാർട്ടി നേതാക്കൾ തുടങ്ങിയവരും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. മന്ത്രിമാരും ഉദ്യോഗസ്ഥരും പങ്കെടുത്ത അവലോകന യോഗവും മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഇന്ന് നടന്നു. ദുരിതാശ്വാസ ക്യാമ്പുകളിലും ആശുപത്രികളിലുമായി കഴിയുന്നവരെയും മുഖ്യമന്ത്രി സന്ദർശിക്കും

വയനാട്ടിൽ നിന്നുള്ള കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.......
( വോയിസ് )

*************************************

## WAYNAD RESCUE

ദുരന്തബാധിത മേഖലയിൽ വിവിധ സേനാവിഭാഗങ്ങളുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. കര- നാവിക-
വ്യോമസേനകളും, ദേശീയ, സംസ്ഥാന ദുരന്ത നിവാരണ സേനകളും , ഫയർഫോഴ്സും, പോലീസും, സന്നദ്ധപ്രവർത്തകരും, നാട്ടുകാരും ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തി വരുന്നത്. സൈന്യത്തിൻറെ നേതൃത്വത്തിൽ ബെയ്‌ലി പാലം നിർമിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. നിർമ്മാണ പുരോഗതി മന്ത്രിമാരായ കെ.രാജനും, എ.കെ ശശീന്ദ്രനും നേരിട്ട് വിലയിരുത്തി. പാലത്തിൻറെ നിർമാണം പൂർത്തിയാകുന്നത് രക്ഷാപ്രവർത്തനം വേഗത്തിലാക്കും. ദുരന്തബാധിതമേഖലയിലെ മോശം കാലാവസ്ഥ രക്ഷാപ്രവർത്തനങ്ങൾക്ക് വെല്ലുവിളി സൃഷ്ടിച്ചിരുന്നു. മുണ്ടക്കൈ, പുഞ്ചിരിമട്ടം, ചൂരൽമല, അട്ടമല, മേഖലകളിലാണ് രക്ഷാപ്രവർത്തനം പുരോഗമിക്കുന്നത്. മണ്ണിനടിയിലുള്ള മനുഷ്യൻറെ സാന്നിധ്യം കണ്ടെത്തുന്നതിനായി ഐബോഡ് സംവിധാനം ഉപയോഗപ്പെടുത്തുന്നതിനായി റിട്ടയേർഡ് മേജർ ജനറൽ ഇന്ദ്രപാലൻറെ നേതൃത്വത്തിലുള്ള സംഘം

അൽപസമയത്തിനകം വയനാട്ടിലെത്തും. കൂടുതൽ മണ്ണുമാന്തി യന്ത്രങ്ങളും തിരച്ചിലിനായി ദുരന്തമേഖലയിൽ എത്തിച്ചിട്ടുണ്ട്. ഫലപ്രദമായ തിരച്ചിലിന് ഡോഗ് സ്ക്വാഡും ഇവിടെ എത്തിയിട്ടുണ്ട്.

**************************************

## LANDSLIDE MALAPPURAM

വയനാട് ദുരന്തത്തിൽപെട്ടവർക്കായുള്ള തിരച്ചിൽ ചാലിയാറിൽ നിലമ്പൂർ മേഖലയിൽ ഇന്നും തുടർന്നു. ഇവിടെ നിന്നും മൃതദേഹാവശിഷ്ടങ്ങൾ ഇന്നും കണ്ടെത്തിയിട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ ലഭിച്ച മൃതദേഹങ്ങൾ ബന്ധുക്കൾക്ക് തിരിച്ചറിയുന്നതിനായി നിലമ്പൂർ ജില്ലാ ആശുപത്രിയിൽ നിന്ന് വയനാട്ടിലേക്ക് എത്തിച്ചിരുന്നു.

**************************************

## CHIEF MINISTER – RELIEF FUND

വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതർക്കുള്ള സഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കഴിയുന്നവരെല്ലാം സംഭാവന നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർത്ഥിച്ചു. നാടിനെ പുനർ നിർമ്മിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്തമാണെന്ന് അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാനത്തെ എല്ലാ മന്ത്രിമാരും ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകാൻ തീരുമാനിച്ചിട്ടുണ്ട്. വ്യവസായ, സാംസ്കാരിക രംഗത്തെ പ്രമുഖരും സാമൂഹ്യ പ്രവർത്തകരും ദുരിതാശ്വാസനിധി യിലേക്ക് ധനസഹായം പ്രഖ്യാപിച്ചു. തിരുവനന്തപുരത്ത് നടന്ന രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചിത്രമേളയിൽ മികച്ച ചിത്രത്തിന് ലഭിച്ച പുരസ്കാരത്തുകയായ 2,20,000 രൂപ സംവി

ധായകൻ ആനന്ദ് പട് വർദ്ധൻ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു.

**************************************

## WAYANAD – CASE

വയനാട് ജില്ലയിലെ ഉരുൾപൊട്ടലിൽ ദുരിതമനുഭവിക്കുന്നവർക്ക് സഹായം അഭ്യർത്ഥിച്ചുള്ള മുഖ്യമന്ത്രിയുടെ ഫേസ്ബുക്ക് പോസ്റ്റിനെതിരെ പ്രചാരണം നടത്തിയതിന് പൊലീസ് കേസ് രജിസ്റ്റർ ചെയ്തു. സാമൂഹ്യമാധ്യമമായ എക്സിൽ കോയിക്കോടൻസ് 2.0 എന്ന പ്രൊഫൈലിൽ നിന്നാണ് പോസ്റ്റ് പ്രചരിപ്പിച്ചത്. തെറ്റിദ്ധാരണ പരത്തുന്ന തരത്തിൽ ഇത്തരം പോസ്റ്റുകളിടുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർക്കെതിരെ ദുരന്തനിവാരണ നിയമപ്രകാരം കർശന നിയമനടപടി സ്വീകരിക്കുമെന്ന് പൊലീസ് അറിയിച്ചു.

**************************************

## KOZHIKODE LANDSLIDE

കോഴിക്കോട് വിലങ്ങാട് ഇന്നലെയുണ്ടായ ഉരുൾപൊട്ടലിലും മലവെള്ളപാച്ചിലിലും 13 വീടുകളും കടകളും പൂർണമായും ഒലിച്ചുപോയി. മലയങ്ങാട് പാലവും ഒലിച്ചു പോയിട്ടുണ്ട്. എറാമല പഞ്ചായത്തിൽ കുടുങ്ങിയ 10 പേരെ ഫയർഫോഴ്സ് രക്ഷപ്പെടുത്തി. തിരുവള്ളൂർ വില്ലേജിൽ 8 കുടുംബങ്ങളെ മാറ്റിപാർപ്പിച്ചു. 84 വില്ലേജുകളെയാണ് മഴകെടുതി ബാധിച്ചത്. 47 വീടുകൾ ഭാഗികമായി തകർന്നു. കോഴിക്കോട് ജില്ലയിൽ 121 ദുരിതാശ്വാസ ക്യാംപുകളിലായി 4,730 പേരാണ് കഴിയുന്നത്. ജില്ലയിൽ ഇന്ന് മഴക്ക് നേരിയ ശമനമുണ്ട്.

**************************************

## RAIN - KERALA

സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. അടുത്ത മണിക്കൂറുകളിൽ പാലക്കാട്, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയുണ്ട്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

****************************************

## PAR-THAROOR

പാർലമെൻറിൻറെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. വയനാട് ഉരുൾപൊട്ടൽ തീവ്രമായ പ്രകൃതി ദുരന്തമായി പ്രഖ്യാപിക്കണമെന്ന് കോൺഗ്രസ് എംപി ശശി തരൂർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് ആഭ്യന്തര മന്ത്രി അമിത് ഷായ്ക്ക് കത്തെഴുതിയതായി അദ്ദേഹം പാർലമെന്റിന് പുറത്ത് മാധ്യമങ്ങളോട് പറഞ്ഞു.

****************************************

## HP CLOUDBURST

ഹിമാചൽ പ്രദേശിൽ ഇന്നലെ രാത്രിയുണ്ടായ കനത്ത മഴയിലും മേഘവിസ്ഫോടനത്തിലും 41 പേരെ കാണാതായി. വിവിധ പ്രദേശങ്ങളിൽ കനത്ത നാശനഷ്ടങ്ങളാണ് റിപ്പോർട്ട് ചെയ്യിരിക്കുന്നത്. മാണ്ഡി ജില്ലയിലെ ചോഹാർ താഴ്വരയിലുണ്ടായ വെള്ളപ്പൊക്കത്തിൽ നിരവധി വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു. കുളു ജില്ലയിലെ ബാഗിപുലിലും നിരവധി വീടുകൾ ഒലിച്ചുപോയി. വിവിധ സേനാവിഭാഗങ്ങളുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. കേന്ദ്ര

ആഭ്യന്തര മന്ത്രി അമിത് ഷാ, ഹിമാചൽ മുഖ്യമന്ത്രിയുമായി സംസാരിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. സംസ്ഥാനത്തിൽ എല്ലാ സഹായങ്ങളും കേന്ദ്രം ഉറപ്പു നൽകി.

*************************************

## UTTARAKHAND – DELHI RAIN

ഉത്തരാഖണ്ഡിൽ കനത്ത മഴയിലും മണ്ണിടിച്ചിലിലും ആറ് മരണം. കേദാർനാഥ് തീർത്ഥാടന പാതയിൽ കേടുപാടുകൾ വന്ന സാഹചര്യത്തിൽ 200 തീർത്ഥാടകരെ സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റി. ചാർധാം യാത്രയ്ക്കുള്ള രജിസ്ട്രേഷനും താൽക്കാലികമായി റദ്ദാക്കി. ഡൽഹിയിലും ശക്തമായ മഴ തുടരുകയാണ്. വെള്ളക്കെട്ട് പലയിടത്തും ഗതാഗതത്തെ സാരമായി ബാധിച്ചു. അടുത്ത അഞ്ചു ദിവസം ഡൽഹിയിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ മുന്നറിയിപ്പ്. മോശം കാലാവസ്ഥയെ തുടർന്ന് വിമാനസർവ്വീസുകൾ വഴിതിരിച്ചുവിടുകയും റദ്ദാക്കുകയും ചെയ്യുന്ന സാഹചര്യമുള്ളതിനാൽ യാത്രക്കാർ നേരത്തെ വിമാനത്താവളങ്ങളിൽ എത്തണമെന്ന് വിവിധ എയർലൈൻസുകൾ അറിയിച്ചു.

*************************************

## INDIA – VIETNAM

വിയറ്റ്നാം പ്രധാനമന്ത്രി ഫാ മിൻ ചിന്നും പ്രധാനമന്ത്രി നരേന്ദ്രമോദിയുമായുള്ള ഉഭയകക്ഷി ചർച്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. നിരവധി സുപ്രധാന കരാറുകളിൽ ഇരു നേതാക്കളും ഇന്ന് ഒപ്പുവെക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗദീപ് ധൻകർ എന്നിവരുമായും വിയറ്റ്നാം പ്രധാനമന്ത്രി ഇന്ന് സംവദിക്കും. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിൽ

എത്തിയ വിയറ്റ്നാം പ്രധാനമന്ത്രിക്ക് രാഷ്ട്രപതിഭവനിൽ രാവിലെ സ്വീകരണവും ഒരുക്കിയിരുന്നു.

**************************************

## OLYMPICS

ഒളിമ്പിക്സ് ഷൂട്ടിങ്ങ് 50 മീറ്റർ റൈഫിൾസ് 3 പൊസിഷൻസ് ഫൈനലിൽ ഇന്ത്യയുടെ സ്വപ്നിൽ കുസാലേ അൽപസമയത്തിനകം മത്സരത്തിനിറങ്ങും. പുരുഷ ഹോക്കി ഇന്ത്യ-ബെൽജിയം പൂൾ ബി മത്സരം ഉച്ചയ്ക്ക് 1.30 ന് ആരംഭിക്കും. ബോക്സിങ്ങ് 50 കിലോഗ്രാം വിഭാഗത്തിൽ നിഖത് സറീനും ഇന്നിറങ്ങും. ബാഡ്മിൻറൺ പുരുഷ ഡബിൾസ് ക്വാർട്ടർ ഫൈനലിൽ, സാത്വിക് സായിരാജ്-ചിരാഗ് ഷെട്ടി സഖ്യം ഇന്ന് മലേഷ്യൻ സഖ്യത്തെ നേരിടും. ബാഡ്മിൻറൺ വനിതാ സിംഗിൾസ് പ്രീ ക്വാർട്ടറിൽ പി.വി സിന്ധുവും ഇന്ന് കളിക്കളത്തിലിറങ്ങും. പുരുഷ സിംഗിൾസ് പ്രീ-ക്വാർട്ടറിൽ ഇന്ത്യൻ താരങ്ങളായ എച്ച്.എസ് പ്രണോയും, ലക്ഷ്യ സെന്നും തമ്മിലാണ് മത്സരം. ഷൂട്ടിങ്ങ്, ഗോൾഫ്, അമ്പെയ്ത്ത് തുടങ്ങിയ ഇനങ്ങളിലും ഇന്ത്യൻ താരങ്ങൾ ഇന്ന് മത്സരത്തിനിറങ്ങും .

**************************************

## CRICKET

ഇന്ത്യ - ശ്രീലങ്ക പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് നാളെ തുടക്കം. 3 മത്സരങ്ങളുള്ള ഏകദിന പരമ്പരയിലെ ആദ്യ കളി കൊളംബോയിലെ ആർ.പ്രേമദാസ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ചക്ക് 2:30 ആരംഭിക്കും.

**************************************

## LEBANON ADVISORY

ലെബനൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ, ഇന്ത്യൻ പൗരന്മാർക്ക് ബെയ്റൂട്ടിലെ ഇന്ത്യൻ എംബസ്സി ജാഗ്രതാ നിർദേശം നൽകി. അത്യാവശ്യഘട്ടങ്ങളിൽ അല്ലാതെ ലെബനനിലേക്കുള്ള യാത്ര ഒഴിവാക്കണമെന്നും എന്താവശ്യത്തിനും എംബസിയുമായി ബന്ധപ്പെടണമെന്നും നിർദേശത്തിൽ പറയുന്നു.

**************************************

## UN SECURITY COUNCIL

ഹമാസ് തലവൻ ഇസ്മായിൽ ഹനിയ്യ ഇറാനിൽ വച്ച് കൊല്ലപ്പെട്ട സാഹചര്യത്തിൽ അറബ് മേഖലയിൽകൂടുതൽ സംഘർഷങ്ങൾ ഉണ്ടാക്കുന്നത് തടയാൻ ശക്തമായ നയതന്ത്ര ശ്രമങ്ങൾ നടത്തണമെന്ന് ഐക്യരാഷ്ട്ര രക്ഷാ സമിതി. ചൈന, റഷ്യ ഇറാൻ ഉൾപ്പെടെയുള്ള രാജ്യങ്ങൾ സംഭവത്തെ ശക്തമായി അപലപിച്ചിട്ടുണ്ട്.

**********************************************************************
*******